രജിസ്റ്റർ ചെയ്ത സ്ത്രീപീഡന കേസുകൾ

178 (183) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര സ്ത്രീപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന കണക്ക് വർഷം തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) നാളിതുവരെ സംസ്ഥാനത്ത് പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിക്കൽ, സ്ത്രീകളെ തട്ടിക്കൊണ്ടുപോകൽ, സ്ത്രീകളെ കൊലപ്പെടുത്തൽ എന്നിങ്ങനെയുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ)

വർഷം	കേസുകളുടെ എണ്ണം
18-5-2011 മുതൽ 31-12-2011 വരെ	8379
2012	12868
2013	13791
2014	13901
2015 മാർച്ച് 1 വരെ	2001

(ബി) പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് 4849 കേസുകളും സ്ത്രീകളെ തട്ടിക്കൊണ്ടുപോകലുമായി ബന്ധപ്പെട്ട് 700 കേസുകളും സ്ത്രീകളെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് 445 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ മാവോയിസ്റ്റ് ആക്രമണം

179 (184) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ യുവാവ് വെടിയേറ്റ് മരിച്ചത് മാവോയിസ്റ്റ് ആക്രമണത്തെത്തുടർന്നാണോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച കേസ് അന്വേഷണം ഏതു ഘട്ടത്തിലാണ്;

(സി) പ്രതികളെ സംബന്ധിച്ച സൂചന ലഭ്യമായിട്ടുണ്ടോ;

(ഡി) എത്ര പേരെ ചോദ്യം ചെയ്തു; അന്വേഷണ പുരോഗതി വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ അഗളി പോലീസ് സ്റ്റേഷൻ പരിധിയിൽ ബെന്നി എന്ന യുവാവ് വെടിയേറ്റ് മരിച്ച സ്ഥലം മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള പ്രദേശമായതിനാൽ മാവോയിസ്റ്റുകളുടെ ആക്രമണം ആകാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. അന്വേഷണം പൂർത്തിയായശേഷം മാത്രമേ ഇക്കാര്യത്തിൽ പൂർണ്ണമായും വ്യക്തത ഉണ്ടാവുകയുള്ളൂ.

(ബി) ഇത് സംബന്ധിച്ച് പാലക്കാട് അഗളി പോലീസ് സ്റ്റേഷൻ ക്രൈം 91/2015 നമ്പർ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് അന്വേഷണാവസ്ഥയിലാണ്.

(സി) ഇല്ല.

(ഡി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് 45 ഓളം സാക്ഷികളെ ചോദ്യം ചെയ്തിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്.

പുതിയതായി ഇടങ്ങുന്ന പോലീസ് സ്റ്റേഷനുകൾ

180 (185) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി എവിടെയെല്ലാമാണ് പോലീസ് സ്റ്റേഷനുകൾ തുടങ്ങുവാൻ തീരുമാനമെടുത്തിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) നഗരൂർ കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാലിസ്റ്റ് തയ്യാറാക്കിയ ശേഷം മാത്രം പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചാൽ മതിയെന്ന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിനായി പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ച ശേഷം പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(ബി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ നഗരൂർ കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.